ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ/അഗ്രിക്കൾച്ചറൽ ലേബർ ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ പ്രസ്തുത അനുപാതത്തിൽ കുറവുണ്ടായി. ഇപ്രകാരം ഉണ്ടായ ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തുന്നതിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്.

(എഫ്) സ്പെഷ്യൽ റൂൾസ് അനുസരിച്ച് 3:1 എന്ന അനുപാതത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ജി) സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള അനുപാതം പാലിക്കുന്ന കാര്യത്തിൽ വീഴ്ചയുണ്ടായിട്ടില്ല.

കെ.എസ്.ആർ.ടി.സി. ഡിപ്പോ തുടങ്ങാൻ നടപടി

90 [2217] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയാൽ പുതിയ ബസ് ഡിപ്പോകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) പുതുതായി ബസ് ഡിപ്പോ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം പഞ്ചായത്തുകൾ ലഭ്യമാക്കിയാൽ ബസ് ഡിപ്പോ തുടങ്ങുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) പുതുതായി ബസ്സ് ഡിപ്പോകൾ ആരംഭിക്കുന്നതിനേക്കാൾ നിലവിലുള്ള ബസ്സ് ഡിപ്പോകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ ശ്രമിക്കുന്നത്. നിലവിലുള്ള ബസ്സ് ഡിപ്പോകൾകൊണ്ടു തന്നെ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കുമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്ഥലവും, അടിസ്ഥാന സൗകര്യങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയാൽ തന്നെയും പുതിയ ഡിപ്പോകൾ നിലനിർത്തുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ഭരണപരമായ ചെലവുകൾ നികത്താൻ തക്കവണ്ണം ലാഭകരമായ രീതിയിൽ സർവ്വീസ് നടത്താനാകും എന്ന് കോർപ്പറേഷന് ഉത്തമബോധ്യമുള്ള പ്രദേശങ്ങളിൽ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയാൽ ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

വടക്കാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷൻ

91 [2218] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ആയത് ആരംഭിക്കുവാൻ അടിയന്തിര നടപടി ഉണ്ടാകുമോ;

(സി) തൃശ്ശൂർ-ഷൊർണ്ണൂർ റൂട്ടിലുള്ള എത്ര കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ട്;

(ഡി) വടക്കാഞ്ചേരി വഴിയുള്ള നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തൽക്കാലം പരിഗണനയിൽ ഇല്ല.

(സി) 4 ഷെഡ്യൂളുകൾ.

(ഡി) നഷ്ടത്തിൽ ഓടിയിരുന്ന ഷെഡ്യൂളുകളാണ് നിർത്തൽ ചെയ്തത്. അതിനാൽ ഇവ പുനഃസ്ഥാപിക്കാൻ നിർവ്വാഹമില്ല.

റാന്നിയിൽ ജോയിന്റ് ആർ.ടി. ഓഫീസ് ആരംഭിക്കാൻ നടപടി

92 [2219] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോയിന്റ് ആർ. റ്റി. ഓഫീസുകളില്ലാത്ത താലൂക്കാസ്ഥാനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) റാന്നിയിൽ ജോയിന്റ് ആർ. റ്റി. ഓഫീസില്ലാത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ റാന്നിയിൽ ജോയിന്റെ ആർ.ടി. ഓഫീസ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശാസ്താംകോട്ട, റാന്നി, ദേവികുളം, നെടുങ്കണ്ടം, മങ്കൊമ്പ്, പീരുമേട്, നിലമ്പൂർ, തിരൂരങ്ങാടി, ചിറ്റൂർ, മാനന്തവാടി, സുൽത്താൻബത്തേരി എന്നീ താലൂക്കാസ്ഥാനങ്ങളിൽ ജോയിന്റ് ആർ. റ്റി. ഓഫീസുകൾ നിലവിലില്ല.

(ബി) ഇതിനെക്കുറിച്ച് ഒരു നിവേദനം ശ്രീ. രാജു എബ്രഹാം, എം.എൽ.എ.-യിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(സി) വകുപ്പു മേധാവിയിൽ നിന്ന് റിപ്പോർട്ട് ലഭ്യമായ ശേഷം അതിന്റെ വിവിധ വശങ്ങൾ വിശദമായി പരിശോധിച്ച് സർക്കാരിന്റെ വിവിധ വകുപ്പുകളുമായി ആലോചിച്ച്, സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത കൂടി കണക്കിലെടുത്ത് മാത്രമേ പുതിയ ജോയിന്റ് ആർ.ടി. ഓഫീസ് തുടങ്ങുന്ന കാര്യം പരിഗണിക്കാനാകൂ.

LIBRARY ARCHIVES Kerala Legislative Assembly